വാസ്തുവിദ്യ

ആദർശ്കുമാർ

**വീടിന്റെ തെക്കു പടിഞ്ഞാറു ഭാഗത്ത് അഥവാ കന്നിമൂലയിലായിരിക്കണം പ്രധാന ശയനമുറി.**



ഇതാണോ മാസ്റ്റർ ബെഡ്റൂം?

പുതിയ വീടു കാണാനെത്തുന്നവരുടെ പ്രധാനചോദ്യങ്ങളിലൊന്ന് ഇതായിരിക്കും. കിടക്കാനുള്ള മുറി എന്ന സങ്കല്പത്തിൽ നിന്ന് സുഖദാമ്പത്യത്തിന്റെയും സ്വകാര്യതയുടെയും പര്യായമായി ബെഡ്റൂം മാറിക്കഴിഞ്ഞു. 'ബൃഹത്സംഹിത'യിൽ ഈ മുറിയെ 'രതികക്ഷ' എന്ന പേരിലാണ് വിവരിച്ചിരിക്കുന്നത്. ഒരു ആയുസ്സിന്റെ ഏറ്റവും സന്തോഷകരവും അർത്ഥപൂർണ്ണവുമായ ദിനങ്ങൾ ചെലവിടേണ്ട സ്ഥലം. കുടുംബത്തിന്റെ

# കിടപ്പുമുറി എവിടെ വേണം?

സന്തോഷം നിയന്ത്രിക്കുന്നത് ഈ മുറിയാണ്. ദമ്പതികൾ തമ്മിലുള്ള ഐക്യവും സന്തോഷവുമാണല്ലോ കുടുംബത്തിന്റെ കെട്ടുറപ്പ്.

വസ്തുവിന്റെ തെക്കുപടിഞ്ഞാറു ഭാഗത്ത് അഥവാ കന്നിമൂലയിലായിരിക്കണം പ്രധാനശയനമുറി അഥവാ മാസ്റ്റർ ബെഡ്റൂം. ഇതിനെ 'സംഗമമൂല' എന്നും പറയുന്നുണ്ട്. പ്രായപൂർത്തിയായവർക്കും ദാമ്പതികൾക്കും മാത്രമേ ഈ കിടപ്പുമുറി ഉപയോഗിക്കാൻ പാടുള്ളു. മുകളിലത്തെ നിലയിലാണെങ്കിലും കന്നിമൂലയിലെ മുറിതന്നെ ഉചിതം.

ഒരു കാരണവശാലും മാസ്റ്റർ ബെഡ്റൂം വടക്കുകിഴക്കു ഭാഗത്തായിരിക്കരുത്. ഈശ്വരാരാധനയ്ക്കുള്ള സ്ഥലം ശയനമുറിയാക്കിയാലുണ്ടാകുന്ന വിപരീതതരംഗം മാനസികവും ശാരീരികവുമായ പ്രശ്നങ്ങളുണ്ടാക്കും. കന്നിമൂലയിലെ മുറിയുടെ തറ അല്പം ഉയർത്തിക്കെട്ടുന്നത് നല്ലതാണ്. മുറി ദീർഘചതുരത്തിലായിരിക്കണം. കിടപ്പുമുറി 'L' ആകൃതിയിൽ പണിയരുത്. ഭിത്തിയിൽ നിന്ന് കുറച്ചുസ്ഥലം ഒഴിവാക്കിവേണം കട്ടിലിടാൻ. തെക്കുപടിഞ്ഞാറു ഭാഗത്തായിരിക്കണം കട്ടിലിന്റെ സ്ഥാനം. തല കിഴക്കോട്ടുവച്ച് ഉറങ്ങണം. ഭൂമിയുടെ സഞ്ചാരഗതി പടിഞ്ഞാറുനിന്ന് കിഴക്കോട്ടായതു കൊണ്ടാണിത്. ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിൽ എതിർദിശയിൽ നോക്കിയിരുന്നു യാത്രചെയ്യുമ്പോൾ അസ്വസ്ഥതയുണ്ടാകുന്നില്ലേ. അതേ തിയറിയാണ് ഇവിടെയും. കിഴക്കോട്ടു വയ്ക്കാൻ പറ്റുന്നില്ലെങ്കിൽ പിന്നെ അനുകൂലമായത് തെക്കോട്ടാണ്. ഭൂമിക്കു ചുറ്റും ഒരു കാന്തികവലയമുണ്ട്. തല വടക്കുഭാഗത്തു വച്ചാൽ വികർഷണമായിരിക്കും ഫലം. അപ്പോൾ കാന്തികവലയം പൂർണ്ണമാകില്ല. അത് രക്തസഞ്ചാരം തടസ്സപ്പെടുത്തും. മനസ്സിനും ശരീരത്തിനും അസ്വസ്ഥതയുണ്ടാക്കും.

മാസ്റ്റർ ബെഡ്റൂം ദമ്പതികൾക്കുവേണ്ടിയാണ്. കുട്ടികളെ കഴിയുന്നതും അവിടെ കിടത്തരുത്. വീട്ടിലെ പ്രധാന മുറിയിലേക്കു കടന്നുവരുമ്പോൾ കിടപ്പുമുറിയുടെ വാതിൽ കാണരുത്. ഇങ്ങനെ കണ്ടാൽ ദമ്പതികൾ തമ്മിലുള്ള ഐക്യം തകരുമെന്നാണ് പ്രമാണം.

കിടപ്പുമുറിയുടെ വാതിൽ എവിടെയായിരിക്കും? ഓരോ മുറിക്കും ഉച്ചവും നീചവും ഉണ്ട്. ഉച്ചസ്ഥാനത്തു കൂടിയായിരിക്കണം കിടപ്പുമുറിയിൽ കയറേണ്ടത്. പക്ഷേ, കിടപ്പുമുറിയിൽ ബാത്ത്റൂമുണ്ടെങ്കിൽ അതിന്റെ വാതിൽ നീചത്തിലായിരിക്കണം. മുറിയുടെതിനേക്കാൾ താഴ്ന്നതായിരിക്കണം ബാത്ത്റൂമിലെ തറ.

കിടപ്പുമുറിയിൽ അലമാര വയ്ക്കുന്നുണ്ടെങ്കിൽ, തെക്കുഭാഗത്തെ ഭിത്തിയിൽ പടിഞ്ഞാറുവശത്തേക്ക് നീക്കിവയ്ക്കണം. അലമാരയുടെ വാതിൽ തുറക്കേണ്ടത് വടക്കോട്ടായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വടക്കുനിന്നാണ് കുബേരൻ (പണത്തിന്റെ രാജാവ്) പ്രവേശിക്കുന്നതെന്നാണ് വിശ്വാസം. കിടപ്പുമുറിയിൽ ഡ്രസ്സിംഗ് ടേബിൾ പാടില്ല. നിർബന്ധമാണെങ്കിൽ വടക്കോ കിഴക്കോ ഭാഗത്തായിരിക്കണം. കിടപ്പുമുറിയിൽ കണ്ണാടി വയ്ക്കരുതെന്നാണ്. അഥവാ വയ്ക്കുന്നെങ്കിൽ കിടക്കയിലിരുന്നാൽ കാണാത്ത വിധത്തിൽ വയ്ക്കുക. മൂന്നാമതൊരു കണ്ണിന്റെ സാന്നിദ്ധ്യമാണ് കണ്ണാടി. ജാരബന്ധം, തീരുമാനങ്ങളെടുക്കുന്നതിൽ കുടുംബനാഥന് സംഭവിക്കുന്ന പിഴവ് തുടങ്ങിയവയാണ് കണ്ണാടിമൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ.

വാസ്തുവിദ്യ, ജ്യോതിഷം രേഖാശാസ്ത്രം തുടങ്ങിയവിഷയങ്ങൾകൈകാര്യം ചെയ്യുന്ന ആദർശ്കുമാർ ഇന്ത്യ ബഹിരാകാശ ഗവേഷ ണകേന്ദ്രത്തിലെ എൻജിനീയറാണ്. ആരോഗ്യ രേഖാശാസ്ത്ര ത്തിൽ ഗവേഷണം നടത്തുന്നു. ഫോൺ: 95471 2441002.



>>> മലയാളി
കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയ മലയാളിവനിത: ജസ്റ്റിസ് കെ.കെ. ഉഷ



www.aadarshkumar.com